## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2198 — 18.06.2013-ൽ മറുപടിക്ക്

### ഭവന വായ്പകൾ എഴുതി തള്ളുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ: | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്നവരുടെയും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെയും ഏതെല്ലാം ഭവന വായ്പകൾ എഴുതിത്തള്ളി എന്നു വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ 08.11.2011-ലെ സ.ഉ (എം.എസ്) നം. 34/2011/ഭവനം മുഖാന്തിരം മൈത്രീ ഭവന പദ്ധതി പ്രകാരം വീട് പണി പൂർത്തീകരിച്ചവരുടെ കുടിശ്ശിക തുക (ഭാഗികമായി വായ്പാ ഗഡുക്കൾ കൈപ്പറ്റിയവരുടേത് ഒഴികെ) എഴുതി തള്ളിയിട്ടുണ്ട്. കൂടാതെ 22.05.2007 ലെ സ.ഉ (എം.എസ്) നം. 18/2007/ഭവനം എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ രോഗികളും അശരണരുമായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 19 പേരുടെയും വായ്പാ കുടിശ്ശിക എഴുതിത്തള്ളിയിട്ടുണ്ട്. |
| (ബി) | ഭവന നിർമ്മാണ വായ്പകൾ എഴുതി തള്ളിയ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി സംബന്ധമായ രേഖകൾ മടക്കി നൽകിയിട്ടുണ്ടോ; | (ബി) | മൈത്രീ പദ്ധതിയിൽ വീട് പണി പൂർത്തീകരിച്ച 38,384 ഗുണഭോക്താക്കളിൽ 32,807 പേർക്ക് പ്രമാണവും ബാക്കി രേഖകളും മടക്കി നൽകിയിട്ടുണ്ട്. 19 വ്യക്തിഗത ലോണുകൾ എഴുതിത്തള്ളിയതിൽ 10 പേർക്ക് പ്രമാണം നൽകിയിട്ടുണ്ട്. 2 പേർക്ക് ഒഴിമുറിയാധാരത്തിന്റെ നക്കൽ നൽകിയിട്ടുണ്ട്. മൈത്രീ ഭവന പദ്ധതിയിൽപ്പെട്ട ബാക്കി 5,577 പേർക്കും, വ്യക്തിഗത ലോണിൽപ്പെട്ട ബാക്കി 7 പേർക്കും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയാലുടൻ ഭൂമി സംബന്ധമായ രേഖകൾ മടക്കി നൽകുന്നതാണ്. |

→

| | |
| --- | --- |
| (സി) സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്നവർക്ക് സംസ്ഥാന ഭവന നിർമ്മാണ വകുപ്പിലൂടെയും ഭവന നിർമ്മാണ ബോർഡിലൂടെയും ലഭിച്ച ഇത്തരത്തിലുള്ള വായ്പകളിൽ ഇനിയും എഴുതിത്തള്ളിയിട്ടില്ലാത്തതും തിരിച്ചടവ് തുടർന്നുകൊണ്ടിരിക്കുന്നതുമായവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം സാമ്പത്തികമായി പിന്നോക്കാവസ്ഥ നേരിടുന്നവർക്ക് നൽകിയ വായ്പകളിൽ മൈത്രീ ഭവന പദ്ധതിയിലെ ഭാഗികമായി ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളുവാനുണ്ട്. |

സെക്ഷൻ ഓഫീസർ